കാക്കടവ് ജലസേചനപദ്ധതി

130 [143] ശ്രീ. കെ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാക്കടവ് ജലസേചനപദ്ധതി നടപ്പാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ചു കേന്ദ്രഗവൺമെൻറിന്റെ ഏതെങ്കിലും നിർദ്ദേശം സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ബി) ഇല്ല.

(സി) 'ബി'യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രശ്നം ഉദിക്കുന്നില്ല.

ശുദ്ധജലവിതരണം

131 [144] ശ്രീമതി മോർഗ്ഗൻ തങ്കപ്പൻ:
ശ്രീ. കെ.വി. സുരേന്ദ്രനാഥ്:
,, കെ.ടി. കുമാരൻ:
,, വി.കെ. രാജൻ:
,, കെ.ഇ. ഇസ്മയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച ബാധിതപ്രദേശങ്ങളിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിനുവേണ്ടി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വരൾച്ച ബാധിതപ്രദേശങ്ങളിൽ ശുദ്ധജലവിതരണത്തിനായി കളക്ടറുടെ ഫണ്ടിൽനിന്നാണ് അതോറിറ്റിക്ക് ധനം ലഭിക്കുന്നത്. പ്രധാനമായും ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിലാണ് കൂടുതൽ ജോലികൾ നടത്തിയിട്ടുള്ളത്. ഇടുക്കി ജില്ലയിൽ 9 പദ്ധതികളുടെ അറ കുറവുപണികൾ നടത്തുന്നതിനും 4 പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനും 6 പദ്ധതികളിൽനിന്നും എക്സ്റ്റൻഷനു വേണ്ട നടപടികൾ സ്വീകരിക്കുകയുണ്ടായി. പാലക്കാട് ജില്ലയിൽ 129 കുഴൽകിണറുകൾ കുഴിക്കുന്നതിനും 5 ശുദ്ധജലവിതരണ പദ്ധതികളിൽനിന്ന് എക്സ്റ്റൻഷൻ കൊടുക്കുന്നതിനും കളക്ടർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 49

LIBRARY ARCHIVES Kerala Legislative Assembly